بسم الله الرحمن الرحيم

# EID-UL-FITR SERMON / ചെറിയപെരുന്നാൾ ഖുത്തുബ 18/07/2015

## (01 SHAWWAL 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## EID MUBARAK ! / ഈദ് മുബാറക്ക്

സലാമിനും ഈദ് മുബാറകിനും ശേഷം അല്ലാഹുവിന്റെ സന്ദേശവാഹകൻ ഹസ്രത് ഖലീഫത്തുല്ലാഹ്, തശഹ്ഹുദ്, തഅവ്വദ്, സൂറ അൽഫാത്തിഹ ഓതിയശേഷം ചെറിയ പെരുന്നാൾ ഖുത്തുബ ആരംഭിച്ചു.

ഒരു മഹത്തായ അനുഗ്രഹീത മാസം നമ്മെ ഇതാ വിട്ടു പിരിഞ്ഞിരിക്കുന്നു. അടുത്ത വർഷം ഇതിന് സാക്ഷ്യം വഹിക്കാമെന്ന് നമുക്കാർക്കും ഒരുറപ്പുമില്ല. നമുക്കെല്ലാവർക്കും പ്രതീക്ഷിക്കാവുന്ന ഒരു കാര്യം, അല്ലാഹു (ത) നമ്മുടെ നിവേദനങ്ങൾക്കും പ്രാർത്ഥനകൾക്കും ഉത്തരം ചെയ്യുമെന്നും കഴിഞ്ഞ മാസം നാം ചെയ്ത നമ്മുടെ ആരാധനകളും ത്യാഗങ്ങളും അംഗീകരിക്കുമെന്നും അതനുസരിച്ച് അവൻ വാഗ്ദാനം ചെയ്ത പ്രതിഫലങ്ങൾ നമുക്ക് നൽകുമെന്നുമാണ്. അൽഹംദുലില്ലാഹ് ! പരിശുദ്ധ റമദാൻ മാസം മുസ്ലീങ്ങൾക്ക് ഒരുമിച്ചു കൂടുവാനുള്ള അവസരം നൽകുകയുണ്ടായി. പള്ളികളിൽ സംഘടിത സംഗമം ഉണ്ടായി. അല്ലാഹുവിന്റെ തൃപ്തിക്കായി അവർ വ്രതാനുഷ്ഠാനത്തിലേർപ്പെട്ടു. അങ്ങനെ പള്ളികൾ ഒരു മാസക്കാലം അതിന്റെ ജീവനും സൗന്ദര്യവും പ്രകടമാക്കി.

ഈ പ്രതിഭാസത്തെ എങ്ങനെയാണ് വിശദീകരിക്കേണ്ടത് ? ഈ പെരുമാറ്റത്തിന് എന്ത് വിശദീകരണമാണ് നൽകുവാൻ കഴിയുക ? ഇതിന്റെ പിന്നിലെ ചൈതന്യം അല്ലാഹുവിലുള്ള വിശ്വാസമല്ലാതെ മറ്റെന്താണ് ? ഈ മാസത്തിന്റെ പ്രാധാന്യവും മഹത്വവും ചൈതന്യവും അറിയാത്ത ഏതു മുസ്ലീമാണുള്ളത്? ഓരോ മുസ്ലീമും മനസ്സിലാക്കുന്നു, ഈ മാസത്തെ അവഗണിക്കുന്നത് തീർച്ചയായും അവന്റെ തന്നെ നഷ്ടത്തിലായിരിക്കും കലാശിക്കുക എന്ന് ! ഈ മാസത്തിൽ ദൈവീക മാപ്പ് ലഭ്യമാകാൻ ശ്രമിക്കാത്ത ഓരോ വ്യക്തിയുടെയും മേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ എന്ന് മലക്കുകളിലെ പ്രധാനി ജിബ്രീൽ (അ) പ്രാർത്ഥിക്കുകയുണ്ടായി. പ്രവാചക ശ്രേഷ്ഠനായ അൽ അമീനായ ഹസ്രത് മുഹമ്മദ് (സ) ഈ ശാപ പ്രാർത്ഥനയ്ക്ക് ആമീൻ പറയുകയും ചെയ്തു.

ഈ മാസത്തിന് ഇത്രയധികം പ്രാധാന്യം നൽകുന്ന ഒരു മുസ്ലീമിന് ശവ്വാൽ മാസപ്പിറവി കണ്ടു കഴിഞ്ഞാൽ, അല്ലാഹുവിന്റെ ഭവനം ഉപേക്ഷിച്ചു പോകുവാൻ എങ്ങനെയാണ് കഴിയുന്നത് ? പരിശുദ്ധ റമദാൻ മാസം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിറഞ്ഞതാണെന്ന് ഒരു വിശ്വാസി മനസ്സിലാക്കുമ്പോൾ, എല്ലാ നിസ്ക്കാരങ്ങളിലും ഈ അനുഗ്രഹങ്ങൾ നിറഞ്ഞതാണ് എന്ന് അവൻ മനസ്സിലാക്കേണ്ടതല്ലേ ? റമദാൻ മാസത്തിൽ തന്റെ അലസതയുടെ ഗൗരവതരമായ അനന്തരഫലങ്ങളെക്കുറിച്ച് അവൻ ബോധവാനായെങ്കിൽ, നമസ്ക്കാരം ഒഴിവാക്കുന്നതിന്റെ അഥവാ ജമാഅത്തായ നമസ്ക്കാരത്തിന്റെ ഗൗരവം അവൻ മനസ്സിലാക്കേണ്ടതല്ലേ ? അത് ഒഴിവാക്കിയാൽ തനിക്ക് സംഭവിക്കുന്ന ഭീമമായ നഷ്ടത്തെക്കുറിച്ച് ബോധവാനാകേണ്ടതല്ലേ ? അപ്പോൾ നമസ്ക്കാരം പോലെ വലിയ പ്രതിഫലദായകമായ ഇബാദത്തിന്റെ നേരെ എന്തേ ഈ അലസത ?

ഈ ചോദ്യങ്ങൾ, ചില ദുഃഖകരമായ നിഗമനങ്ങളിലാണ് നമ്മെ കൊണ്ടെത്തിക്കുന്നത് ! മുസ്ലീംങ്ങൾക്ക്

ഇപ്പോഴും ഒരു പരിധി വരെ വിശ്വാസമുണ്ട് ! അൽഹംദുലില്ലാഹ് ! എന്നാൽ ഈമാൻ, ഈമാന്റെ തീവ്രത നഷ്ടപ്പെട്ടിരിക്കുന്നു; പിന്നെയുള്ളത് ബലഹീനമായ മിന്നലുകൾ മാത്രമാണ്! സത്യമായി പറഞ്ഞാൽ, ഒരാൾക്ക് ഈമാൻ ഉണ്ട് എന്നു പറയുവാൻ കഴിയുകയില്ല; വിശുദ്ധ ഖുർ ആൻ ഇതുസംബന്ധമായി പറയുന്നു **"പറയുക നിങ്ങൾ ഇസ്ലാം സ്വീകരിച്ചിരിക്കുന്നു; എന്നാൽ ഈമാൻ നിങ്ങളുടെ ഹൃദയങ്ങളിലേക്ക് പ്രവേശിച്ചിട്ടില്ല"** ബലഹീനമായ ഈമാനാണുള്ളത് ! അല്ലെങ്കിൽ ബാങ്ക് വിളി കേട്ടാൽ എങ്ങനെയാണ് ഒരു വിശ്വാസിക്ക് അതിനുത്തരം ചെയ്യാതിരിക്കുവാൻ കഴിയുന്നത് ? ഒരു മുസ്ലീമിന് എങ്ങനെയാണ് നമസ്ക്കാരം ഉപേക്ഷിക്കുവാൻ കഴിയുന്നത് ? പരിശുദ്ധ പ്രവാചകൻ പറഞ്ഞു. **" ഒരു മുസ്ലീമിനെയും അമുസ്ലീമിനെയും തിരിച്ചറിയുന്ന ഘടകം നമസ്ക്കാരമാണ്. "** ആയതിനാൽ ബലഹീനമായ ഈമാൻ നമ്മെ അല്ലാഹു (ത) യുടെ ഇഹലോക ശിക്ഷയിൽ നിന്നും, ഖബ്റിലെ ശിക്ഷയിൽ നിന്നും, പരലോക ശിക്ഷയിൽ നിന്നും നമ്മെ രക്ഷിക്കില്ലാ എന്ന് നാം അറിയണം. ആയതിനാൽ അല്ലയോ പ്രിയസഹോദരീ സഹോദരന്മാരെ, റമദാനിൽ നമുക്ക് ലഭ്യമായ ഈമാനിക ജ്വാലയിൽ നിന്ന് നേട്ടം കൊയ്യാൻ ശ്രമിക്കുക. ആ ജ്വാലയെ ഉത്തേജിപ്പിക്കുകയും റമദാന് ശേഷം അതിനെ തീനാളമാക്കി മാറ്റുകയും ചെയ്യുക. നാം നമ്മോട് തന്നെ ഒരു ചോദ്യം ചോദിക്കുക. യഥാർത്ഥത്തിൽ പെരുനാളോട് കൂടി റമദാൻ അവസാനിച്ചുവോ ?

തീർച്ചയായും ഈ ചോദ്യം സാധാരണ മുസ്ലീങ്ങളോട് ചോദിച്ചാൽ, തീർച്ചയായും അവർ, പെരുനാളോടുകൂടി റമദാൻ അവസാനിച്ചു എന്ന ഉത്തരം ആയിരിക്കും പറയുക. ഭക്ഷണപാനീയങ്ങളിൽ നിന്നും പകൽ ലൈംഗിക ബന്ധം നടത്തുന്നതിൽ നിന്നുമുള്ള വിലക്കുകൾ ഒക്കെ നീങ്ങിയിരിക്കുന്നുവെന്ന നിയമങ്ങൾ വിശുദ്ധ ഖുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും തെളിവുകൾ നിരത്തുവാനും സാധിക്കുന്നതാണ്. കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും റമദാൻ ഒരു അനുഗ്രഹമാണ് എന്നതിന്റെ കാരണങ്ങളെക്കുറിച്ച് ആഴത്തിൽ നാം വിശകലനം ചെയ്യുകയാണെങ്കിൽ, നമുക്ക് കണ്ടെത്തുവാൻ കഴിയുന്ന കാര്യം, റമദാനിൽ നാം പഠിച്ച പാഠങ്ങൾ മനസ്സിൽ സൂക്ഷിക്കേണ്ടതും, അതിലൂടെ നേടിയ നല്ല സ്വഭാവങ്ങളും പ്രവർത്തനങ്ങളും അടുത്ത റമ്ദാൻ വരെ സംരക്ഷിക്കുകയും തുടരേണ്ടതുമാണ്.

റമദാനിൽ പകൽ സമയങ്ങളിൽ നമ്മുടെ ഈലോക ജീവിതത്തിലെ സാധാരണ ആവശ്യങ്ങളും സന്തോഷങ്ങളും നാം അകറ്റി നിർത്തി. ഇതുമൂലം നമുക്ക് കൂടുതൽ ശക്തി ലഭിക്കുകയും അച്ചടക്കമുള്ളവരായി തീരുകയും ചെയ്തു. ഇതിലൂടെ നമുക്ക് ഏറ്റവും മഹത്തായ നന്മ നേടുവാൻ കഴിഞ്ഞു. അതായത് ക്ഷമ! ഇൻശാ അല്ലാഹ് ! അല്ലാഹു (ത) പറഞ്ഞു **"വിശ്വസിച്ചവരെ ! നിങ്ങൾ സഹനവും പ്രാർത്ഥനയും വഴി സഹായം തേടുവിൻ ! നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു"** (2:154)

ഇതിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്, നാം അല്ലാഹുവിന്റെ കൽപ്പനകളെ അംഗീകരിക്കുന്നു എന്നതാണ് ! അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതാണ് നമ്മുടെ പ്രഥമ ഉത്തരവാദിത്വം എന്നതും നാം ഓർക്കേണ്ടതാണ്. റമദാൻ നമ്മുടെ ആവശ്യങ്ങളെ ശക്തിപ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നു. നിരന്തരം അല്ലാഹുവിനെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നു. അനുഗ്രഹങ്ങളിൽ ഏറ്റവും നന്നായത് അവന്റെ മാർഗ്ഗദർശനമാകുന്നു. അല്ലാഹു (ത) പറയുന്നു **"ജനങ്ങളെ, തീർച്ചയായും നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ഒരു തത്വോപദേശവും ഹൃദയങ്ങളിലുള്ള (എല്ലാ രോഗങ്ങൾക്കും) ശമനൗഷധവും നിങ്ങൾക്ക് വന്ന് കിട്ടിയിരിക്കുന്നു; വിശ്വാസികൾക്ക് മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു (അത്). പറയുക (ഇതെല്ലാം) അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവും കൊണ്ടാകുന്നു. അതിനാൽ അതിൽ അവർ സന്തുഷ്ടരാവട്ടെ ! അവർ സംഭരിച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ ഉത്തമമാണിത്"** (10:58,59)

റമദാനിലുടനീളം, അല്ലാഹുവിനെ അനുസരിക്കുന്നതിൽ മാത്രമല്ല നമ്മുടെ ഏറ്റവും വലിയ സന്തോഷം കുടികൊണ്ടത്, മറിച്ച് ഈ അനുസരണത്തിലൂടെ ജീവിക്കുകയും അനുഭവിക്കുകയും ചെയ്തതിലൂടെ ഈ

അനുഗ്രഹീത മാസത്തിൽ നമ്മുടെ ഇച്ഛകളെ നിയന്ത്രിക്കുവാൻ കഴിഞ്ഞു എന്നതിലാണ്! അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെ നാം നേടിയത് സ്നേഹവും വിനയവുമാണ്; ആരാധനയുടെ സത്തയാണിത്! നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ മൂല്യവുമാണത്! ഇക്കാരണത്താൽ, റമദാൻ അവസാനിച്ചുവോ എന്ന ചോദ്യത്തിനുമുന്നിൽ, നമുക്ക് പറയുവാൻ കഴിയും റമദാന്റെ ചൈതന്യം ഒരിക്കലും അവസാനിക്കുന്നില്ല; കാരണം വർഷത്തിലുടനീളം ഇത് നമ്മുടെ ഒരു രീതിയായി തീരുകയാണ്! ത്യാഗങ്ങളനുഷ്ഠിക്കുക, റമദാനിൽ നേടിയ ആരാധനയിലെ ആധിക്യത്തിന് കുറവ് വരുത്താതെയിരിക്കുക തുടങ്ങിയവ ഈ അനുഗ്രഹീത മാസത്തിൽ നേടിയ സത്ഗുണങ്ങളാണ്. നമുക്കറിയാം ഇതൊരു ചവിട്ടു പടിയാണ്! ഇസ്ലാമിന്റെ വഴിയിലെ ഒരു വലിയ ചവിട്ടു പടി ! ഈ ഭൂമിയിലെ ജീവിതത്തിൽ, ഇതിലൂടെ നമ്മുടെ ലക്ഷ്യത്തിലെത്തിച്ചേരുവാൻ നമുക്ക് സാധിക്കുന്നതാണ്.

അങ്ങനെ റമദാൻ, നമ്മുടെ ക്ഷമയെ വളർത്തുന്നു. അല്ലാഹുവിന്റെ കാരുണ്യത്താലും മാർഗ്ഗദർശനത്താലും നമ്മുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുകയും, അങ്ങനെ അവനെ അനുസരിക്കുന്നതിലൂടെ, അവന്റെ മാർഗ്ഗത്തിൽ പോരാടുവാനുള്ള ശക്തി നമുക്ക് ലഭിക്കുകയും അത് നമ്മുടെ വ്യക്തിത്വത്തിൽ നിഴലിക്കുകയും ചെയ്യുന്നു. അവന്റെ മാർഗ്ഗത്തിലുള്ള ഈ പോരാട്ടം അഥവാ ജിഹാദ്, നമ്മുടെ ജീവിതത്തിലുടനീളം നിലനിൽക്കുകയും ചെയ്യുന്നു. ഇതാണ് ഒരു മുസ്ലീമിന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം! **അല്ലാഹു (ത) പറയുന്നു. "വിശ്വസിക്കുകയും (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) സ്വദേശം വെടിയുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും അത്യധ്വാനം ചെയ്യുകയും ചെയ്തവരാരോ (അവർക്ക്) അല്ലാഹുവിന്റെയടുക്കൽ മഹത്തായ പദവികളുണ്ട്. അവർ തന്നെയാണ് വിജയികൾ." (9:20)**

അന്ധമായി യുദ്ധത്തിലേക്ക് ചാടുന്നത് ഈ മഹത്തായ ജിഹാദല്ലാ ! അഥവാ വികാരാവേശത്തിന് അടിമപ്പെട്ട് ചെയ്യുന്ന പ്രവർത്തിയും ഈ ഗണത്തിൽപ്പെട്ട ജിഹാദല്ല! നമ്മെ റമദാൻ പഠിപ്പിച്ച പാഠങ്ങളാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിലെ മഹത്തായ പോരാട്ടം ! നിശ്ചയമായും നമുക്ക് വിവേകവും ക്ഷമയും ഉണ്ടായിരിക്കണം ! മുഹമ്മദ് (സ) നമ്മെ പഠിപ്പിച്ചതും പ്രവർത്തിയിലൂടെ കാണിച്ചതുമായ അല്ലാഹുവിന്റെ കൽപ്പനകളും മാർഗ്ഗദർശനങ്ങളുമായിരിക്കണം നമ്മുടെ മുൻപിൽ ഉണ്ടാകേണ്ടത്. നഫ്സിന്റെ ഇച്ഛയ്ക്ക് വഴങ്ങി അമിത ആവേശ പ്രവർത്തി നമ്മിൽ നിന്നുണ്ടാകരുത്. ആയതിനാൽ റമ്ദാൻ അന്ത്യത്തിൽ നമുക്ക് ലഭ്യമായ, ദൈവീക അനുഗ്രഹങ്ങൾ നമുക്ക് നഷ്ടമാകരുത് ! റമദാൻ അവസാനിച്ചിരിക്കുന്നു. ഇനി നമ്മുടെ പഴയ നടപടികളിലേക്കും ജീവിത രീതികളിലേക്കും മടങ്ങാം എന്ന് കരുതരുത്. നമുക്ക് ഉറച്ചു നിൽക്കാം ! ഇൻശാ അല്ലാഹ് ! അവന്റെ ദൈവീക മാപ്പും, അവന്റെ മാർഗ്ഗദർശനവും, നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തട്ടെ ! അങ്ങനെയായാൽ നാം നല്ല മുസ്ലീങ്ങൾ എന്ന് വിളിക്കപ്പെടും!

തന്റെ രക്ഷിതാവ് ദയ ഉള്ളവനാണെന്നും തന്റെ ഭക്തദാസരെ സ്നേഹിക്കുന്നവനാണെന്നുമുള്ള സന്ദേശം മാനവസമക്ഷം പ്രഖ്യാപിക്കുവാനാണ് ഈദുൽ ഫിത്ർ സമാഗതമാകുന്നത് ! ഒരു പ്രവാചക വചനത്തിൽ പറയുന്നു. **"പെരുനാൾ ദിനം ഒരു വിശ്വാസിയുടെ വിജയദിനമാണ്."**

ആയതിനാൽ ഓരോ വിശ്വാസിയും സ്വയം മനസ്സിലാക്കണം, തന്റെ രക്ഷകൻ ആരാണെന്ന് ? ഈ വാചകം വിരൽ ചൂണ്ടുന്നത്, നാം ഓരോരുത്തരും നമ്മുടെ ഹൃദയത്തെ എല്ലായ്പ്പോഴും ശുദ്ധിയും വൃത്തിയുമുള്ളതായി കാത്തുസൂക്ഷിക്കണം എന്നാണ്! അങ്ങനെയായാൽ അല്ലാഹുവിന്റെ സദാ സാന്നിദ്ധ്യത്തെക്കുറിച്ചും, അവൻ ജീവിച്ചിരിക്കുന്ന സത്യമാണെന്നും ബോധ്യമാകുന്നതാണ്. അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിന് നാം വിജയിച്ചാൽ, ഈദുൽ ഫിത്ർ നമ്മുടെ ഹൃദയത്തിൽ സന്തോഷം പകരുന്നതാണ്.! റമദാൻ നമ്മോട് വിട പറഞ്ഞുവെങ്കിലും, നാം മനസ്സിലാക്കണം, റമദാൻ നമ്മുടെ ഹൃദയങ്ങളിൽ എന്നെന്നും

ജീവിക്കുന്നതാണെന്ന്! പരിശുദ്ധ റമദാനിൽ നേടിയ ഒരു നന്മയും നഷ്ടമാകാതെ നാം വരും വർഷം മുഴുവൻ കാത്തു സൂക്ഷിക്കേണ്ടതാണ്. ഈദ്, യഥാർത്ഥ ഈദ്, അല്ലാഹു (ത) നമ്മെ വിധിനാളിൽ തെരഞ്ഞെടുക്കുമ്പോഴാണ് ; നാം അല്ലാഹുവിന്റെ പരിപൂർണ്ണ തൃപ്തിയിലായി, അവൻ നമ്മെ തെരഞ്ഞെടുക്കുമ്പോഴാണ് ! നേർ പാതയിൽ സഞ്ചരിക്കുവോളം, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുവോളം, അല്ലാഹു (ത) നിങ്ങളെ തൃപ്തിപ്പെടും; നിങ്ങളെ അനുഗ്രഹിക്കും; നിങ്ങളെ സന്തോഷഭരിതരാക്കും വരും വർഷത്തിലുടനീളം!

ഈദ് ദിനം കൊയ്ത്തുകാലമാണ് ! ജോലിക്കാരെല്ലാം അല്ലാഹുവിന്റെ സേവനത്തിലാണ്! നിസ്വാർത്ഥ സേവകർ, വിശ്വാസികൾ തങ്ങളുടെ നല്ല പ്രവർത്തനങ്ങളുടെ പ്രതിഫലങ്ങൾ കൊയ്തെടുക്കുന്നതാണ്! ഈ, ഈദ് ദിനത്തിൽ, അല്ലാഹു (ത) അവർക്ക്, അവന്റെ കാരുണ്യം, അവന്റെ അനുഗ്രഹങ്ങൾ, അധികമധികമായി നൽകട്ടെ !

ഞാൻ എല്ലാവർക്കും ഈദ് മുബാറക് നേരുന്നു! ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) നമ്മിൽ നിന്നും നിങ്ങളിൽ നിന്നും നല്ല പ്രവർത്തനങ്ങൾ സ്വീകരിക്കുമാറാകട്ടെ! ആമീൻ! .

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************